(ഡി) ഉക അനുവദിച്ച എല്ലാ സംഘങ്ങൾക്കും അത് നൽകിയിട്ടുണ്ടോ ; എത്ര സംഘങ്ങൾക്ക് ഉക നൽകി ; ഉക ലഭിച്ചവർ ഓരോ വർഷവും തുടങ്ങിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലേക്ക് നീക്കി വച്ച ഉക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി സ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപ അനുവദിച്ചതിൽ 192 ലക്ഷം രൂപയും, 2015-16-ൽ 540 ലക്ഷം രൂപ അനുവദിച്ചതിൽ 140 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്ലെറ്റ്

346 (1035) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്ലെറ്റ് നിർമ്മിക്കുന്നതിന് 2012-13, 2013-14, 2014-15 വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 2015-16-ൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളവരും ശൗചിത്വമുള്ള ടോയ്ലെറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിച്ചത്. 25,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65,000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് ഭൗതീകലക്ഷ്യം നിശ്ചയിക്കുകയും ആവശ്യമായ ഫണ്ട് ജില്ലകൾക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു. 2015-16 സാമ്പത്തിക വർഷം 15,000 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം ടോയ്ലെറ്റ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി) ടോയ്ലെറ്റ് നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്കാണ് ടോയ്ലെറ്റ് നിർമ്മാണം പൂർത്തിയാക്കേണ്ടത്.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിഹിതം

347 (1036) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly